**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1382** **08-12-2022 - ൽ മറുപടിയ്ക്ക്**

**കാസർകോഡ് ജില്ലയിൽ അനുവദിച്ച റെയിൽ ഓവർ ബ്രിഡ്ജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി വഴി കാസർകോഡ് ജില്ലയിൽ അനുവദിച്ച റെയിൽ ഓവർ ബ്രിഡ്ജുകളുടെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) | മഞ്ചേശ്വരം, ഹൊസങ്കടി, ഉദുമ, കോട്ടിക്കുളം, കുശാൽ നഗർ, എടച്ചക്കൈ-നടക്കാവ്, തൃക്കരിപ്പൂർ, ബീരിച്ചേരി എന്നീ റെയിൽവേ മേൽപ്പാലങ്ങളാണ് കിഫ്‌ബി ഫണ്ട് പ്രകാരം കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്നത്. ഈ മേൽപ്പാലങ്ങളുടെ ഡി.പി.ആർ പൂർത്തീകരിച്ചിട്ടുള്ളതും കിഫ്‌ബി അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. |
| (ബി) | ബീരിച്ചേരി, ഉദിനൂർ (നടക്കാവ്), പൊള്ളാപ്പ് റെയിൽ ഓവർ ബ്രിഡ്ജുകൾ എന്ന് ടെൻഡർ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | ബീരിച്ചേരി, ഉദിനൂർ (നടക്കാവ്), പൊള്ളാപ്പ് (തൃക്കരിപ്പൂർ) എന്നീ പദ്ധതികളുടെ ഡി.പി.ആർ പൂർത്തികരിച്ചിട്ടുള്ളതും കിഫ്‌ബി അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. സിൽവർലൈൻ പദ്ധതി നടപ്പിലാക്കുന്നത് ഈ പ്രദേശത്തുകൂടി ആയതിനാൽ അതുമായി ബന്ധപ്പെട്ട അലൈൻമെന്റ് അന്തിമമായതിനുശേഷം മാത്രമേ ടി പദ്ധതികളുമായി മുന്നോട്ടുപോകുവാൻ സാധിക്കുകയുമുള്ളൂ എന്ന് റെയിൽവേ അറിയിച്ചു. എന്നാൽ സിൽവർലൈൻ അലൈൻമെന്റ് പരിഗണിക്കാതെ ആർ.ഒ.ബി.കളുടെ നിർമ്മാണവുമായി മുന്നോട്ടു പോകാം എന്ന് 06.12.2022-ന് കെ.ആർ.ഡി.സി.എൽ അറിയിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറക്ക് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയും. |
| (സി) | പ്രസ്തുത പ്രവൃത്തികൾ റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപറേഷൻ ഓഫ് കേരള വഴി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തികളുടെ ജി.എ.ഡി-യ്ക്ക് അംഗീകാരം ലഭിച്ച്, ഭൂമി ഏറ്റെടുക്കൽ നടപടികളും ടെണ്ടർ നടപടികളും പൂർത്തീകരിച്ച് നിർമ്മാണം ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ